No. C4-DCTVPMSC/2025-2026

ജില്ലാ കോടതി,
തിരുവനന്തപുരം,
തീയതി 23/10/2025

## ദർഘാസ് പരസ്യം

തിരുവനന്തപുരം വഞ്ചിയൂർ ജില്ലാകോടതി സ്റ്റാഫ് ക്യാന്റീൻ ഒരു വർഷക്കാലയളവിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ ഏറ്റെടുത്ത് നടത്തുന്നതിന് സാമ്പത്തിക ശേഷിയും ക്യാന്റീൻ നടത്തി മുൻകാലപരിചയവുമുള്ള വ്യക്തികൾ, സന്നദ്ധ സംഘടനകൾ, കുടുംബശ്രീ യൂണിറ്റുകൾ, സഹകരണസ്ഥാപനങ്ങൾ മുതലായവരിൽ നിന്നും സീലുവച്ച ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു. രജിസ്ട്രേഷൻ, പ്രവൃത്തി പരിചയം മുതലയാവ സംബന്ധിച്ച രേഖകൾ ദർഘാസിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

ക്യാന്റീൻ വഴി വിതരണം ചെയ്യുന്ന ഓരോ ഇനം ഭക്ഷണസാധനത്തിനും ജീവനക്കാർക്കും, മറ്റുള്ളവർക്കും നൽകുന്ന വില ദർഘാസിൽ പ്രത്യേകം കാണിക്കേണ്ടതാണ്. ദർഘാസിൽ വില രേഖപ്പെടുത്താത്ത ഇനങ്ങൾ വിൽക്കുന്നതിന് ജില്ലാ കോടതിയിൽ നിന്നും മുൻകൂർ അനുമതി വാങ്ങിയിരിക്കേണ്ടതാണ്. ദർഘാസുകൾ 06/11/2025-ാം തീയതി ഉച്ച കഴിഞ്ഞ് 3 മണി വരെ തിരുവനന്തപുരം ജില്ലാ കോടതി ആഫീസിൽ സ്വീകരിക്കുന്നതാണ്. താമസിച്ചു കിട്ടുന്ന ദർഘാസുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ദർഘാസുകൾ അന്നേദിവസം വൈകുന്നേരം 4 മണിയ്ക്ക് തുറക്കുന്നതാണ്. ജില്ലാ ജഡ്ജി, തിരുവനന്തപുരം എന്ന വിലാസത്തിലാണ് ദർഘാസുകൾ സമർപ്പിക്കേണ്ടത്. കരാർ ഉറപ്പിച്ചു കിട്ടുന്ന വ്യക്തി നിശ്ചിത ദിവസം തന്നെ ക്യാന്റീൻ ആരംഭിക്കേണ്ടതും അതിനു മുൻപായി സെക്യൂരിറ്റിയായി ₹25,000/- (ഇരുപത്തി അയ്യായിരം ഉറുപ്പിക മാത്രം) തിരുവനന്തപുരം ജില്ലാ സിവിൽ കോടതി സ്റ്റാഫ് സഹകരണ സംഘത്തിൽ (T 1114) സ്ഥിര നിക്ഷേപം ചെയ്ത് രസീത് ഹാജരാക്കേണ്ടതും, ₹200/- (ഇരുന്നൂറ് ഉറുപ്പിക മാത്രം) പത്രത്തിൽ ജില്ലാ ജഡ്ജി അനുശാസിക്കുന്ന നിബന്ധനകൾക്ക് വിധേയമായി കരാർ ഒപ്പിടേണ്ടതാണ്.

(തുടരും .....)

12. ക്യാന്റീൻ ജീവനക്കാർക്ക് പൊതുവായുള്ള ഒരു യൂണിഫോം (വസ്ത്രം) ഉണ്ടായിരിക്കേണ്ടതാണ്. ഷർട്ടിൽ ജീവനക്കാരന്റെ പേരെഴുതി പ്രദർശിപ്പിക്കേണ്ടതുമാണ്.

13. ക്യാന്റീനോടനുബന്ധമായി നിർമ്മിച്ചിട്ടുള്ള ടോയിലറ്റുകൾ വൃത്തിയായും വെടിപ്പായും സൂക്ഷിക്കേണ്ടതാണ്.

14. കരാറുകാരൻ ആരോഗ്യകരമായ രീതിയിൽ മാലിന്യ സംസ്കരണത്തിനുള്ള നടപടികൾ സ്വന്തം ചിലവിൽ സ്വീകരിക്കേണ്ടതാണ്. ജൈവമാലിന്യങ്ങളും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മറ്റു മാലിന്യങ്ങളും ഒരു കാരണവശാലും കോടതി വളപ്പിനുള്ളിൽ വച്ച് കത്തിച്ചുകളയുവാൻ പാടുള്ളതല്ല. ടി നിബന്ധനയുടെ ലംഘനം, മുൻകൂർ നോട്ടീസ് നൽകാതെ ക്യാന്റീൻ കരാർ റദ്ദാക്കുന്നതിന് കാരണമാകുന്നതാണ്.

15. കരാർ കാലയളവിൽ പ്രാബല്യത്തിൽ വരുന്ന നിയമങ്ങൾക്കനുസൃതമായി ക്യാന്റീൻ കെട്ടിടത്തിന്റെ വാടക നിശ്ചയിക്കപ്പെടുകയാണെങ്കിൽ കരാറുകാരൻ ടി കെട്ടിടത്തിന്റെ വാടക ഒടുക്കുവാൻ ബാദ്ധ്യസ്ഥനാണ്.

ഉത്തരവിന് പ്രകാരം

C4 JS-II SS CM

6. ക്യാന്റീൻ കരാർ ഉറപ്പിച്ചു കിട്ടുന്ന വ്യക്തി നിശ്ചിത തീയതിയിൽ തന്നെ ക്യാന്റീൻ പ്രവർത്തനം ആരംഭിക്കേണ്ടതും, സെക്യൂരിറ്റിയായി ₹25,000/- (ഇരുപത്തി അയ്യായിരം ഉറുപ്പിക മാത്രം) തിരുവനന്തപുരം ജില്ലാ സിവിൽ കോടതി സ്റ്റാഫ് സഹകരണ സംഘത്തിൽ (T 1114) ജില്ലാ ജഡ്ജിയുടെ പേർക്ക് സ്ഥിര നിക്ഷേപം ചെയ്ത് രസീത് ഹാജരാക്കേണ്ടതുമാണ്. സെക്യൂരിറ്റി തുക കാലാവധി കഴിയുന്ന മുറയ്ക്ക് നിബന്ധനകൾക്ക് വിധേയമായി തിരികെ കൊടുക്കുന്നതുമാണ്.

7. വൈദ്യുതി ചാർജ്ജ്, വെള്ളക്കരം മുതലായവ യഥാസമയം അടച്ച് രസീത് ഈ ആഫീസിൽ ഹാജരാക്കേണ്ടതാണ്. കരാർ അവസാനിച്ച് കെട്ടിടം ഒഴിയുന്ന സമയത്ത് വൈദ്യുതി ചാർജ്ജ് , വെള്ളക്കരം എന്നിവയിൽ കുടിശ്ശിക ഉണ്ടാകാൻ പാടില്ലാത്തതും, ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ക്ലിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുമാണ്.

8. ക്യാന്റീൻ നടത്തിപ്പ് തൃപ്തികരമല്ലെങ്കിൽ ഒരു മാസത്തെ നോട്ടീസ് നൽകി കരാർ അവസാനിപ്പിക്കുന്നതും (നിബന്ധന നമ്പർ. 3, 5 & 14 കൾക്ക് ഇത് ബാധകമല്ല), കരാറുകാരൻ സ്വന്തം നിലയിൽ ക്യാന്റീൻ നടത്തിപ്പ് അവസാനിപ്പിക്കുന്നതിനായി 3 മാസത്തെ നോട്ടീസ് നൽകിയിരിക്കേണ്ടതുമാണ്.

9. ക്യാന്റീൻ കരാർ സ്വീകരിക്കുന്നതിനും നിരസിക്കുന്നതിനും മറ്റു നിബന്ധനകൾ നടപ്പാക്കുന്നതിനും ജില്ലാ ജഡ്ജിയുടെ തീരുമാനം അന്തിമമായിരിക്കും.

10. കരാറുകാരന്റെ സ്റ്റാഫ് / ജീവനക്കാർ / ഏജന്റുമാർ, കോടതി ജീവനക്കാരോടും പുറത്തു നിന്നും വരുന്നവരോടും മാന്യമായും , സൌഹൃദമായും പെരുമാറി പരസ്പര യോജിപ്പോടുകൂടി സ്ഥാപനം നടത്തുമെന്ന് കരാറുകാരൻ ഉറപ്പു നൽകേണ്ടതാണ്.

11. പ്ലാസ്റ്റിക് / പോളിത്തീൻ കവറുകളിൽ പായ്ക്ക് ചെയ്ത ഭക്ഷണ സാധനങ്ങളോ പ്ലാസ്റ്റിക് കണ്ടെയ്നറുകളിൽ വരുന്ന പാനീയങ്ങളോ കൃന്റീനിൽ വിൽക്കുവാൻ പാടില്ല.

## നിബന്ധനകൾ

1. നിശ്ചിത അളവിലും തൂക്കത്തിലും ഉള്ളതും ഉയർന്ന ഗുണനിലവാരം പുലർത്തുന്നതുമായ ഭക്ഷണസാധനങ്ങൾ ആയിരിക്കണം വിൽപന നടത്തേണ്ടത്. പ്രഭാത ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്ന പലഹാരങ്ങളുടെ ഇനങ്ങളിൽ ദിനംപ്രതി മാറ്റം വരുത്തേണ്ടതാണ്. എല്ലാ പ്രവൃത്തി ദിവസങ്ങളിലും (പണിമുടക്ക്, ഹർത്താൽ ദിവസങ്ങൾ ഉൾപ്പെടെ) രാവിലെ 9 മണി മുതൽ വൈകുന്നേരം 5 മണി വരെ ക്യാന്റീൻ പ്രവർത്തിപ്പിക്കേണ്ടതും, പ്രത്യേക സാഹചര്യങ്ങളിൽ ഡിപ്പാർട്ടുമെന്റിന്റെ നിർദ്ദേശപ്രകാരം കൂടുതൽ സമയം പ്രവൃത്തിപ്പിക്കേണ്ടതുമാണ്. ക്യാന്റീൻ ഏതെങ്കിലും ദിവസം പ്രവർത്തിപ്പിക്കാൻ സാധിക്കാതെ വന്നാൽ ആ വിവരം മുൻകൂട്ടി ബന്ധപ്പെട്ടവരെ അറിയിക്കേണ്ടതാണ്. പൊതു ഒഴിവു ദിനങ്ങളിൽ ജില്ലാ ജഡ്ജി ആവശ്യപ്പെടുന്ന പക്ഷം ക്യാന്റീൻ തുറന്നു പ്രവർത്തിപ്പിക്കേണ്ടതാണ്.

2. ക്യാന്റീനും പരിസരവും വളരെ വൃത്തിയായും ഭംഗിയായും സൂക്ഷിക്കേണ്ടതാണ്. ക്യാന്റീനിൽ ഉപയോഗിക്കുന്ന സാധനങ്ങൾ വളരെ മെച്ചപ്പെട്ടതും ഗുണനിലവാരമുള്ളതും ആയിരിക്കണം.

3. കോടതി ജീവനക്കാരിൽ നിന്നും ദർഘാസിൽ പറഞ്ഞിട്ടുള്ള വിലയിൽ കൂടുതൽ ഈടാക്കുന്നതായി ബോദ്ധ്യപ്പെട്ടാൽ ടി ദർഘാസ് യാതൊരു വിശദീകരണവും കൂടാതെ അസ്ഥിരപ്പെടുത്തുന്നതാണ്.

4. കോടതി ജീവനക്കാർക്ക് ഭക്ഷണം കഴിക്കാൻ ക്യാന്റീനിൽ പ്രത്യേകം സ്ഥലസൌകര്യം ഉണ്ടായിരിക്കേണ്ടതാണ്.

5. ക്യാന്റീനിൽ വിൽക്കുന്ന സാധനങ്ങളുടെ വിലവിവരം ക്യാന്റീൽ വ്യക്തമായി എഴുതി പ്രദർശിപ്പിക്കേണ്ടതാണ്. നിശ്ചിത വിലയിൽ കൂടുതൽ ജീവനക്കാരിൽ നിന്നോ , പുറത്തുള്ളവരിൽ നിന്നോ ഈടാക്കുവാൻ പാടില്ലാത്തതും, ഇതിനു വിപരീതമായി പ്രവർത്തിക്കുന്നതായി ബോദ്ധ്യപ്പെട്ടാൽ മുൻകൂർ നോട്ടീസ് നൽകാതെ ക്യാന്റീൻ കരാർ റദ്ദാക്കുന്നതാണ്.

വൈദ്യുതി, വെള്ളക്കരം തുടങ്ങിയവ കരാറുകാരൻ തന്നെ അടച്ചു തീർക്കേണ്ടതാണ്. കരാർ കാലയളവിൽ പ്രാബല്യത്തിൽ വരുന്ന നിയമങ്ങൾ ക്കനുസൃതമായി ക്യാന്റീൻ കെട്ടിടത്തിന്റെ വാടക നിശ്ചയിക്കപ്പെടുകയാണെങ്കിൽ കരാറുകാരൻ ടി കെട്ടിടത്തിന്റെ വാടക ഒടുക്കുവാൻ ബാദ്ധ്യസ്ഥനാണ്. ക്യാന്റീൻ നടത്തുന്നതിലേക്കുള്ള നിയമാനുസൃത ലൈസൻസുകൾ കരാറുകാരൻ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും നിശ്ചിത സമയത്തിനുള്ളിൽ തന്നെ വാങ്ങി ഹാജരാക്കേണ്ടതാണ്. ദർഘാസുകൾ നിരസിക്കുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള അധികാരം ബഹുമാനപ്പെട്ട ജില്ലാ ജഡ്ജിയിൽ നിക്ഷിപ്തമാണ് . നിരക്ക് രേഖപ്പെടുത്തേണ്ട ഭക്ഷണ സാധനങ്ങളുടെ വിവരവും അളവും മറ്റു നിബന്ധനകളും ജില്ലാ കോടതി ആഫീസിൽ നിന്നും ലഭിക്കുന്നതാണ്. പ്ലാസ്റ്റിക് പോളിത്തീൻ കവറുകളിൽ പായ്ക്ക് ചെയ്ത ആഹാര സാധനങ്ങൾ ഒരു കാരണവശാലും ക്യാന്റീനിൽ വിൽക്കുവാൻ പാടില്ല.

ഉത്തരവിൻ പ്രകാരം

C4 JS-II SS CM

ജില്ലാ ജഡ്ജി

## തിരുവനന്തപുരം ജില്ലാകോടതി ക്യാന്റീൻ
## ഭക്ഷണ സാധനങ്ങളുടെ വിവരവും നിബന്ധനകളും

| നമ്പർ | ഭക്ഷണ സാധനങ്ങളുടെ വിവരം | അളവ് | വിലവിവരം | |
|---|---|---|---|---|
| | | | ജീവനക്കാർ | പൊതുജനം |
| 1. | ചായ | 150 മില്ലി (ശുദ്ധമായി പാൽ, പഞ്ചസാര, തേയില എന്നിവ ശരിയായ തോതിൽ ഉപയോഗിച്ച്) | | |
| 2. | കാപ്പി | 150 മില്ലി (ശുദ്ധമായി പാൽ, പഞ്ചസാര, കാപ്പിപ്പൊടി എന്നിവ ശരിയായ തോതിൽ ഉപയോഗിച്ച്) | | |
| 3. | കട്ടൻ ചായ / കട്ടൻ കാപ്പി | 150 മില്ലി (പഞ്ചസാര, തേയില / കാപ്പിപ്പൊടി എന്നിവ ശരിയായ തോതിൽ ഉപയോഗിച്ച്) | | |
| 4. | ദോശ | 80 ഗ്രാം | | |
| 5. | ഇഡ്ഡലി | 80 ഗ്രാം | | |
| 6. | വെള്ളയപ്പം | 80 ഗ്രാം | | |
| 7. | പുട്ട് | 80 ഗ്രാം | | |
| 8. | മസാലദോശ | 80 ഗ്രാം | | |
| 9. | നെയ്യ്റോസ്റ്റ് | 80 ഗ്രാം | | |
| 10. | ഉപ്പുമാവ് | 100 ഗ്രാം | | |
| 11. | ന്യലപ്പം | 100 ഗ്രാം | | |
| 12. | പൂരിസെറ്റ് | 3 എണ്ണം കറിയോടു കൂടി | | |
| 13. | പൊറോട്ട | 3 എണ്ണം കറിയോടു കൂടി | | |
| 14. | ചപ്പാത്തി | 3 എണ്ണം കറിയോടു കൂടി | | |

| | | | | |
|---|---|---|---|---|
| 15. | എണ്ണപ്പലഹാരങ്ങൾ (പരിപ്പുവട, ഉഴുന്നുവട, ഉള്ളിവട, ബോളി, സുഹിയൻ, വാഴയ്ക്കപ്പം ആദിയായവ) | ഓരോന്നും നാൽപ്പതു ഗ്രാം വീതം | | |
| 16. | ഊണ് (ചമ്പാവരി ചോറ് ആവശ്യത്തിന് , പരിപ്പ്, പപ്പടം, സാമ്പാർ, പുളിശ്ശേരി, മോര്, അവിയൽ, തോരൻ, അച്ചാർ എന്നിവയോടു കൂടി) | | | |
| 17. | കടലക്കറി | 50 ഗ്രാം | | |
| 18. | ഉരുളക്കിഴങ്ങുകറി | 50 ഗ്രാം | | |
| 19. | വറുത്ത മീൻ | 50 ഗ്രാം | | |
| 20. | മീൻ കറി | 50 ഗ്രാം | | |
| 21. | ഉള്ളിക്കറി | 50 ഗ്രാം | | |
| 22. | തക്കാളിക്കറി | 50 ഗ്രാം | | |
| 23. | ഗ്രീൻപീസ് കറി | 50 ഗ്രാം | | |
| 24. | ബീഫ് കറി | 100 ഗ്രാം | | |
| 25. | ബീഫ് ഫ്രൈ | 100 ഗ്രാം | | |
| 26. | ചിക്കൻ കറി | 200 ഗ്രാം | | |
| 27. | ചിക്കൻ ഫ്രൈ | 200 ഗ്രാം | | |
| 28. | ബിരിയാണി (ചിക്കൻ) | 400 ഗ്രാം | | |
| 29. | ബിരിയാണി (ബീഫ്) | 400 ഗ്രാം | | |
| 30. | ബിരിയാണി (മട്ടൻ) | 400 ഗ്രാം | | |

| | | | | |
|---|---|---|---|---|
| 31. | ബിരിയാണി (വെജിറ്റബിൾ) | 400 ഗ്രാം | | |
| 32. | മുട്ടക്കറി | 1 മുട്ട ഉപയോഗിച്ച് | | |
| 33. | ഓംലെറ്റ് | സിംഗിൾ | | |
| 34. | ഓംലെറ്റ് | ഡബിൾ | | |
| 35. | പഴവർഗ്ഗങ്ങൾ ( നേന്ത്രപ്പഴം, പൂവൻ പഴം, ചെറുപഴം, റോബസ്റ്റ മുതലായവ) | മാർക്കറ്റ് വിലയിൽ 20 % കുറച്ച് | | |
| 36. | ശീതളപാനീയങ്ങൾ (കുപ്പികളിൽ വരുന്ന ലിംക, ഫ്രൂട്ടി, തംസപ്പ് തുടങ്ങിയവയും, മാങ്ഗോ, പൈനാപ്പിൾ, ഗ്രേപ്സ് തുടങ്ങിയ ഫ്രൂട്ട് ജ്യൂസും) | | | |